ഭരണഭാഷ-മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനക്കാര്യം – ശ്രീമതി.സോളി.റ്റി.വർഗീസ്, ഓഫീസ് അറ്റൻഡന്റ് - തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 10/02/2021 ലെ ജി.ഒ (പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ ആഫീസിലെ 06/09/2021 ലെ ഡിഇഎസ് 595/2021 - ഇ.എ(1) നമ്പർ ഉത്തരവ്
4. പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 01/10/2020 ലെ എ1.1921/2020/ഡിഒപിറ്റി നമ്പർ കത്ത്
5. പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 15/09/2021 ലെ എ1-1872/2021/ഡിഒപിറ്റി നമ്പർ കത്ത്
6. തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 22/07/2021 ലെ ഇഎ(2) 349/2019/ഡി.ഒ.ആർ നമ്പർ കത്ത്
7. ഗ്രഡേഷൻ സെല്ലിന്റെ 30/09/2020 ലെ ഡിഇഎസ്/99/2020/ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നം.ഇഎ (3) 21000/2019/ഡിഇഎസ്, തീയതി. 22/09/2021**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്) /ബി.എസ്.സി (മാത്ത്സ്/ സ്റ്റാറ്റിസ്റ്റിക്സ്) / ബി.കോം [വിത്ത് സ്റ്റാറ്റിസ്റ്റിക്സ്/ ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് ] ബി.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ മൂന്നു വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റം നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (7) സീനിയോരിറ്റി ലിസ്റ്റിൽ നിലവിലെ അടുത്ത സീനിയറും യോഗ്യയുമായ ക്രമ നമ്പർ.33 ആയ മല്ലപ്പള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി.സോളി.റ്റി.വർഗീസിന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ പത്തനംതിട്ട ജില്ലയിൽ നിയമനം നൽകുന്നതിന് ടിയാൾ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി പത്തനംതിട്ട ജില്ലയിൽ നിലിവിൽ ഒഴിവില്ലെന്ന് പരാമർശം (5) പ്രകാരം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.സോളി.റ്റി.വർഗീസ്, ഓഫീസ് അറ്റൻഡന്റിനെ 31100-66800 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി നിലവിൽ തസ്തിക മാറ്റ ഉദ്യോഗക്കയറ്റത്തിന് ഒഴിവുള്ള തൃശ്ശൂർ ജില്ലയിൽ നിയമിച്ച് ഉത്തരവാകുന്നു.

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ന്റെ തസ്തികമാറ്റ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ശ്രീമതി.സോളി.റ്റി.വർഗീസിന് ടി ജില്ലയിൽ നിയമനം നൽകേണ്ടതാണ്.

പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.സോളി.റ്റി.വർഗീസിനെ യഥാസമയം വിടുതൽ ചെയ്യേണ്ടതും ടിയാൾ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതുമാണ്. വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**നിപുൺ ജോസഫ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീമതി.സോളി.റ്റി.വർഗീസ്, ഓഫീസ് അറ്റൻഡന്റ്, (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, പത്തനംതിട്ട, തൃശ്ശൂർ.
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
3) ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി.എ
4) ഗ്രഡേഷൻ സെൽ / വിജിലൻസ്
5) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

സിസി